# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2836 20/12/2012-ലെ മറുപടിക്ക്

### ബി.എഡ് കോഴ്സുകളിലെ സീറ്റൊഴിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) ഈ വർഷത്തെ ബി.എഡ് കോഴ്സിലേക്കുള്ള അഡ്മിഷൻ പൂർത്തിയായോ; ഏകജാലക സംവിധാനത്തിലൂടെയാണോ നടത്തിയത്;<br>ബി) നടപടികൾ പൂർത്തിയായ ശേഷം സർക്കാർ കോളേജുകളിൽ സീറ്റൊഴിവ് ഉണ്ടായിരുന്നുവോ; വിശദമാക്കുമോ;<br>സി) എങ്കിൽ ഇത്തരം സാഹചര്യം ഉണ്ടാകാനുള്ള കാരണം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;<br>ഡി) സംസ്ഥാനത്തെ സ്വകാര്യ ബി.എഡ് കോളേജുകളിലെ അഡ്മിഷൻ എന്നാണ് പൂർത്തിയാക്കിയത്; പ്രസ്തുത സ്ഥാപനങ്ങളിൽ സീറ്റ് ഒഴിവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഇ) സംസ്ഥാനത്ത് എത്ര ബി.എഡ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ? | എ), ബി), സി), ഡി)&ഇ)<br>ഇല്ല. ഈ വർഷത്തെ ബി.എഡ് അഡ്മിഷൻ എൽ.ബി.എസ്. സെന്റർ മുഖേന ഏകജാലക സംവിധാനത്തിലൂടെയാണ് നടത്തിയത്. എന്നാൽ രണ്ട് റഗുലർ അലോട്ട്മെന്റ് ഒരു സ്പെഷ്യൽ അലോട്ട്മെന്റ് രണ്ട് സ്പോട്ട് അലോട്ട്മെന്റ് എന്നിവ നടത്തിയതിനുശേഷവും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ അതാതു കോളേജുകൾ മുഖേന അഡ്മിഷൻ നടത്തുന്നതിനായി 27/11/2012-ലെ ജി.ഒ. (ആർ.ടി) 2544/2012/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. 2012-13 വർഷത്തിലെ ബി.എഡ് അഡ്മിഷൻ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകാത്തതിനാൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ എത്രയുണ്ടെന്ന് വ്യക്തമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**